പത്രക്കുറിപ്പ്

11-6-2018

# 'സുരക്ഷ-2018'

## തെരുവുനായ വന്ധ്യംകരണ പദ്ധതി ഊർജിതമാക്കാൻ

## സംസ്ഥാനതല ബോധവൽക്കരണ ക്യാമ്പെയ്നു തുടക്കം

തിരുവനന്തപുരം: മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന തെരുവുനായ നിയന്ത്രണ പദ്ധതി കൂടുതൽ ഊർജിതവും ജനകീയവുമാക്കുന്നതിനായി സംഘടിപ്പിക്കുന്ന 'സുരക്ഷ-2018' ബോധവൽക്കരണ ക്യാമ്പെയ്ന്റെ സംസ്ഥാനതല ഉദ്ഘാടനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ.കെ.രാജു ഉദ്ഘാടനം ചെയ്തു. പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതിയെ കുറിച്ച് അവബോധം നൽകുക, തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക, യൂണിറ്റ് അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുക, കൂടുതൽ എ.ബി.സി യൂണിറ്റുകൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ക്യാമ്പെയ്ൻ സംഘടിപ്പിക്കുന്നത്. പദ്ധതിയുടെ വിജയത്തിന് പൊതുജനങ്ങളുടെ കൂടി സഹകരണം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായാണ് ക്യാമ്പെയ്ന് തുടക്കമിടുന്നത്. ജൂലൈ ആറു വരെയാണ് ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ.

ക്യാമ്പെയ്നോടനുബന്ധിച്ച് 'തെരുവുനായ' എന്ന വിഷയത്തിൽ സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നതോടൊപ്പം ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് വാർഡ്-ജില്ലാതല ശിൽപശാലകളും സെമിനാറുകളും നടത്തും. കൂടാതെ നിലവിലെ എ.ബി.സി യൂണിറ്റുകൾക്ക് ക്യാമ്പെയ്ൻ നടക്കുന്ന സമയത്ത് പരിശീലനം നൽകും. പുതിയ എ.ബി.സി യൂണിറ്റുകളും രൂപീകരിക്കും.

തെരുവുനായ നിയന്ത്രണത്തിന് ഏറ്റവും മികച്ച മാർഗം കുടുംബശ്രീ നടപ്പാക്കുന്ന അനിമൽ ബെർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതിയാണെന്ന് ക്യാമ്പെയ്ന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ.കെ.രാജു പറഞ്ഞു. കുടുംബശ്രീയുടെ തെരുവുനായ നിയന്ത്രണ യൂണിറ്റുകൾ മുഖേന സംസ്ഥാനത്ത് ഇതുവരെ 16,000 ത്തോളം നായ്ക്കളെ വന്ധ്യംകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതു വലിയ നേട്ടമാണ്. അതത് പഞ്ചായത്തുകളുമായി ചേർന്ന് കുടുംബശ്രീ യൂണിറ്റുകൾ പദ്ധതി കൂടുതൽ ഊർജിതമാക്കാൻ ശ്രമിക്കണം. ഇതിന് മൃഗസംരക്ഷണ വകുപ്പന്റെ എല്ലാ സഹകരണവും നൽകും. ഇതുവഴി അയൽക്കൂട്ട വനിതകൾക്ക് മികച്ച രീതിയിൽ വരുമാനം നേടാൻ സാധിക്കും. പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ, കെപ്കോ, മൃഗസരക്ഷണ വകുപ്പ് എന്നിവ സംയുക്തമായി നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതി വഴി കോഴിയിറച്ചിയുടെയും മുട്ടയുടെയും കാര്യത്തിലും സ്വയംപര്യാപ്തത നേടുകയാണ് ലക്ഷ്യം. ഇതിനായി കുടുംബശ്രീ മുഖേന അയ്യായിരം പൗൾട്രി യൂണിറ്റുകൾ കൂടി രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീ യൂണിറ്റുകൾ വഴി മാത്രമേ ഈ ലക്ഷ്യം നേടാൻ കഴിയൂ എന്നും അദ്ദേഹം വ്യക്തമാക്കി.

കുടുംബശ്രീ വഴി നടപ്പാക്കുന്ന തെരുവുനായ നിയന്ത്രണ പദ്ധതി തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് മികച്ച രീതിയിലാണ് നടപ്പാക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച് കെ.മുരളീധരൻ എം.എൽ.എ പറഞ്ഞു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ വിഷയാവതരണം നടത്തി. എ.ബി.സി.പദ്ധതി അംഗമായ പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലത്തു നിന്നുള്ള ബിന്ദു തങ്ങളുടെ വിജയാനുഭവങ്ങൾ വിശദീകരിച്ചു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ.എൻ.എൻ.ശശി, വാർഡ് കൗൺസിലർ ബിനു.പി എന്നിവർ ആശംസാ പ്രസംഗം നടത്തി. പ്രോഗ്രാം ഓഫീസർ ഡോ.നികേഷ് കിരൺ സ്വാഗതവും എ.ബി.സി പ്രോഗ്രാം എക്സ്പേർട്ട് ഡോ.എൽ.രവി കുമാർ കൃതജ്ഞതയും പറഞ്ഞു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ, പ്രോഗ്രാം ഓഫീസർമാർ, ഡിസ്ട്രിക്ട് പ്രോജക്ട് മാനേജർമാർ എന്നിവർ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**